## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2537** **12-02-2020-ൽ മറുപടിക്ക്**

## ടൂറിസം രംഗത്തെ നേട്ടങ്ങളും കോട്ടങ്ങളും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ഉത്തരവാദിത്ത ടൂറിസം രംഗത്തെ പ്രധാന നേട്ടങ്ങളും കോട്ടങ്ങളും വ്യക്തമാക്കുമോ; | (എ) | ഒരുകാലത്ത് സാധാരണക്കാരായ ജനങ്ങൾക്ക് യാതൊരു പങ്കാളിത്തവും ഇല്ലാതിരുന്ന ടൂറിസം രംഗത്ത് പ്രാദേശിക ജനസമൂഹത്തിന്റെ പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ട് അവർക്ക് ടൂറിസത്തിൽ നിന്നും വരുമാന ലഭ്യത ഉറപ്പു വരുത്തിയത് കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളാണ്.<br>രണ്ടു വർഷക്കാലത്തെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങളിലൂടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉത്തരവാദിത്ത ടൂറിസം എന്ന ആശയം പ്രചരിപ്പിക്കാനും അതിന്റെ ഭാഗമായി യൂണിറ്റുകളുടെ എണ്ണത്തിൽ കുതിച്ചു കയറ്റം നടത്താനും മിഷന് കഴിഞ്ഞിട്ടുണ്ട്.<br>കൾച്ചറൽ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് യൂണിറ്റുകൾ, തുണി സഞ്ചി നിർമ്മാണ യൂണിറ്റുകൾ, നെയ്ത്തു യൂണിറ്റുകൾ, ജൈവ പച്ചക്കറി ഉൽപ്പാദന യൂണിറ്റുകൾ, മൂല്യ വർധിത ഭക്ഷ്യോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ, ഇളനീർ യൂണിറ്റുകൾ, ആർ.ടി. ഷൊഫേർസ്, പ്രാദേശിക ടൂർ ലീഡേഴ്സ്, ടൂറിസം അനുബന്ധ സർവീസ് യൂണിറ്റുകൾ എന്നിങ്ങനെ ടൂറിസം |

| | | | |
|---|---|---|---|
| | | | മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടു കിടക്കുന്ന വ്യത്യസ്തങ്ങളായ 17008 യൂണിറ്റുകൾ ഇപ്പോൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ആർ.ടി. മിഷന്റെ വിവിധ യൂണിറ്റുകളിലൂടെ പ്രത്യക്ഷമായും പരോക്ഷമായും ആകെ 92980 ആളുകൾ വിനോദ സഞ്ചാരമേഖലയുടെ ഗുണഭോക്താക്കളായി മാറുകയും വരുമാനം ലഭിക്കുകയും ചെയ്യുന്നു.<br>2008 മുതൽ 2017 വരെയുള്ള കാലയളവിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി വഴിയുണ്ടായ പ്രാദേശിക വരുമാനം ഏതാണ്ട് 12 കോടി രൂപയായിരുന്നു. എന്നാൽ ആർ.ടി. മിഷൻ നിലവിൽ വന്ന് പ്രവർത്തനം ആരംഭിച്ച 2017 ഓഗസ്റ്റ് മുതൽ 2019 ഡിസംബർ 31 വരെ ആകെ ലഭിച്ചിരിക്കുന്ന പ്രാദേശിക വരുമാനം 24.37 കോടി രൂപയാണ് |
| (ബി) | കേരളം, ടൂറിസം രംഗത്ത് പിറകിലാണെന്ന തരത്തിലുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി), & (സി) | ടൂറിസം രംഗത്ത് കേരളം പിറകിലാണെന്ന തരത്തിലുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>ടൂറിസം രംഗത്ത് നൂതന സംരംഭങ്ങൾ നടപ്പിലാക്കി സംസ്ഥാനത്തെ മികച്ച വിനോദ സഞ്ചാര കേന്ദ്രമാക്കുന്നതിന് നിരവധി നൂതന പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അവയിൽ പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>• മലനാട്- മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി<br>• മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)<br>• തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)<br>• ആലപ്പുഴ ഹെറിറ്റേജ് പദ്ധതി<br>• "ഗ്രീൻ കാർപ്പറ്റ് സ്കീം" |
| (സി) | എങ്കിൽ ടൂറിസം രംഗത്ത് നൂതന സംരംഭങ്ങൾ നടപ്പിലാക്കി സംസ്ഥാനത്തെ മികച്ച വിനോദ സഞ്ചാര കേന്ദ്രമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | • കൊല്ലം ജില്ലയിലെ ജഡായുപ്പാറ ടൂറിസം പദ്ധതി<br>• ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി<br>• ഉത്തരവാദിത്ത ടൂറിസം പദ്ധതി<br>• ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്<br>• കോവളത്തിന്റെ സമഗ്ര വികസന പദ്ധതി<br>• ശംഖുമുഖത്തിന്റെ സമഗ്ര വികസന പദ്ധതി<br>• ആക്കുളം കായലിന്റെ പുനരുജ്ജീവനം<br>• വർക്കലയുടെ സമഗ്ര വികസന പദ്ധതി<br>• വേളിയുടെ സമഗ്ര വികസന പദ്ധതി<br>• വിവിധ ഗസ്റ്റ്ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ<br>• ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി<br>• ലോകോത്തര നിലവാരത്തിലുള്ള ടോയിലറ്റ് സമുച്ചയങ്ങൾ<br>• ചാമ്പ്യൻസ് ബോട്ട് ലീഗ്<br>• ക്ലാസ്സിഫിക്കേഷൻ പദ്ധതികളുടെ കാലോചിതമായ നവീകരണം<br>• സാഹസിക ടൂറിസം മേഖലയുടെ പരിപോഷണം<br>• ടൂറിസം റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം<br>• വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പോലുള്ള പദ്ധതികളിലൂടെ ഉത്തരവാദിത്ത ടൂറിസം മേഖലയുടെ വിപുലീകരണവും ശാക്തീകരണവും<br>• ടൂറിസം മേളകൾ, യോഗ/ആയുർവേദ അംബാസഡർ ടൂറുകൾ പോലുള്ള നവീന സംരംഭങ്ങൾക്ക് സഹായ സഹ കരണങ്ങൾ നൽകൽ |

**സെക്ഷൻ ഓഫീസർ**